(ബി) തുകയൊന്നും വകമാറ്റി ചെലവ് ചെയ്തിട്ടില്ല.

(സി) പട്ടികജാതി വികസന വകുപ്പിന് അനുവദിച്ച തുകയൊന്നും ലാപ്സായിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പിനു നല്കിയതിൽ 1996-97 വർഷം പ്ലാൻ പദ്ധതികളിൽ 25.98 ലക്ഷവും 1999-2000-ൽ 78.95 ലക്ഷവും ലാപ്സായി. നോൺ പ്ലാൻ പദ്ധതികളിൽ 1998-99 വർഷം 34.90 ലക്ഷവും 1999-2000-ൽ 28.34 ലക്ഷവും ലാപ്സായിട്ടുണ്ട്.

(ഡി) പട്ടികജാതി വികസനത്തിനായി 1996-97 മുതൽ 2000-2001 വരെ ലഭിക്കേണ്ടിയിരുന്നതും ലഭിച്ചതുമായ കേന്ദ്രസഹായത്തിന്റെ വിവരം അനുബന്ധം 1-ൽ കാണാവുന്നതാണ്†. പട്ടികവർഗ്ഗക്ഷേമത്തിനായി കേന്ദ്രത്തിൽനിന്നും 1996-97 മുതൽ ലഭിച്ച പ്രത്യേക കേന്ദ്രസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

1996-97	355.70	ലക്ഷം
1997-98	196.12	ലക്ഷം
1998-99	525.45	ലക്ഷം
1999-2000	557.32	ലക്ഷം

രണ്ടു വകുപ്പുകൾക്കും ലഭിച്ചതിൽ നിന്നും തുകയൊന്നും വകമാറ്റി ചെലവ് ചെയ്തിട്ടില്ല.

(ഇ) തുകയൊന്നും ലാപ്സായിട്ടില്ല. അതാതു വർഷം ചെലവഴിക്കാൻ കഴിയാത്തത് അടുത്ത വർഷം ചെലവഴിക്കുന്നുണ്ട്.

കേന്ദ്രസഹായം ലാപ്സാക്കിയ നടപടി

9 (234) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പട്ടികജാതിക്ഷേമത്തിനും പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനും പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനുമായി കേന്ദ്രഗവൺമെന്റിൽ നിന്നു ഓരോ വർഷവും എന്തു തുക വീതം ലാപ്സാക്കി ;

(ബി) ഓരോ വർഷവും ഓരോ ഇനത്തിനും കേന്ദ്രത്തിൽ നിന്നു ലഭിച്ച തുകയിൽ എന്തു തുകവീതം വകമാറ്റി ചെലവ് ചെയ്തു ;

(സി) എന്തെല്ലാം കാര്യങ്ങൾക്കാണ് ഈ തുക വിനിയോഗിച്ചത് എന്ന് വ്യക്തമാക്കുമോ ?

---

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര സഹായമായി ലഭിച്ച തുകയൊന്നും ലാപ്സായിട്ടില്ല.

(ബി) തുകയൊന്നും വകമാറ്റി ചെലവ് ചെയ്തിട്ടില്ല.

(സി) ബാധകമല്ല.

പട്ടികവിഭാഗക്കാർക്ക് വീട് നിർമ്മിച്ച് നല്കാൻ പദ്ധതി

10 (235) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജക മണ്ഡലത്തിലെ ഏഴു പഞ്ചായത്തുകളിലും വർക്കല നഗരസഭാ പ്രദേശത്തും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും മറ്റു വകുപ്പുകൾ മുഖേനയും പട്ടികജാതി വിഭാഗക്കാർക്ക് എത്ര വീടുകൾ നിർമ്മിച്ചു കൊടുത്തു എന്ന് വ്യക്തമാക്കാമോ ;

(ബി) 2001 മാർച്ച് 31 ആകുമ്പോഴേക്കും മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും എത്ര വീതം വീടുകളുടെ പണി പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ;

(സി) വീട് വയ്ക്കാൻ ഭൂമിയില്ലാത്ത എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമി നല്കുന്ന പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്. വീട് വയ്ക്കാൻ ഭൂമിയില്ലാത്ത എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമി വാങ്ങാൻ ധനസഹായം നല്കുന്ന പദ്ധതി ഗ്രാമപഞ്ചായത്തുകളുടെ സഹായത്തോടുകൂടി നടപ്പാക്കിവരുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ

11 (236) ശ്രീ. വെങ്ങാന്നൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇതിന്റെ പേരിൽ സർക്കാരിന് എന്തു തുക അധികചെലവ് വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എല്ലാവിധ അംഗീകൃത പഠനങ്ങൾക്കും ഇത് ബാധകമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly